STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.53/PR/SPMC/PHQ/2024 Date:10.04.2025

**പ്രഥമ ഓൾ ഇന്ത്യ പോലീസ് ബാഡ്മിന്റൺ & ടേബിൾ ടെന്നിസ് മത്സരങ്ങൾക്ക് നാളെ തുടക്കം: മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**

കേരള പോലീസ് ആതിഥേയത്വം വഹിക്കുന്ന പ്രഥമ ഓൾ ഇന്ത്യ പോലീസ് ബാഡ്മിന്റൺ & ടേബിൾ ടെന്നിസ് മത്സരങ്ങൾക്ക് കൊച്ചിയിലെ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നാളെ തുടക്കം.

ഏപ്രിൽ 11 മുതൽ 15 വരെ അഞ്ച് ദിവസങ്ങളിലായി നടക്കുന്ന മത്സരങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ (11.04.2025) വൈകിട്ട് മൂന്ന് മണിക്ക് നിർവഹിക്കും. ഓൾ ഇന്ത്യ പോലീസ് സ്പോർട്സ് കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിലാണ് പരിപാടി.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നിന്നുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പുറമെ ആന്റമാൻ നിക്കോബാർ ഐലൻഡ്, അസാം റൈഫിൾസ്, BPR&D, BSF, CISF, CRPF, IB, ITBP, NDRF, NSG, CGO, RPF, SSB തുടങ്ങിയ 53 സേന വിഭാഗങ്ങളിൽ നിന്നുമുള്ള ഡിജിപി റാങ്കിലുള്ള ഉദ്യോഗസ്ഥരും പങ്കെടുക്കും. 43 ടീമുകളെ പ്രതിനിധീകരിച്ചുള്ള 1,033 അത്‌ലറ്റുകൾ മത്സരത്തിൽ പങ്കെടുക്കും. ഇതിൽ 825 പുരുഷന്മാരും 208 സ്ത്രീകളും ഉൾപ്പെടുന്നു. സിംഗിൾസ്, ഡബിൾസ്, മിക്സഡ് ഡബിൾസ് വിഭാഗങ്ങളിലായാണ് ബാഡ്മിന്റനും ടേബിൾ ടെന്നിസ് മത്സരങ്ങൾ നടക്കുന്നത്.

എറണാകുളം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ സജ്ജമാക്കിയ 10 ബാഡ്മിന്റൺ കോർട്ടുകൾ, എട്ട് ടേബിൾ ടെന്നിസ് കോർട്ടുകൾ എന്നിവയിലായാണ് മത്സരങ്ങൾ നടക്കുന്നത്.

മത്സരത്തിന്റെ സംഘാടക ചുമതലയിൽ എ.ഡി.ജി.പിമാരായ മനോജ് എബ്രാഹം (ചെയർമാൻ), എസ് ശ്രീജിത്ത് (വൈസ് ചെയർമാൻ), ഡി.ഐ.ജി & കൊച്ചി സിറ്റി പോലീസ് കമ്മിഷണർ പുട്ട വിമലാദിത്യ (ഓർഗനൈസിങ് സെക്രട്ടറി) എന്നിവരാണ്. ഡിജിപി, എ.ഡി.ജി.പിമാർ, ഐ.ജിമാർ, ഡി.ഐ.ജിമാർ, എസ്.പിമാർ എന്നിവരടങ്ങുന്ന 16 സമിതികളാണ് മത്സരത്തിന്റെ വിവിധ കാര്യങ്ങൾ ഏറ്റെടുത്തിരിക്കുന്നത്.

പങ്കെടുക്കുന്ന അത്‌ലറ്റുകൾക്ക് എറണാകുളം ജില്ലയിലെ വിവിധ സ്കൂളുകളിലും ലോഡ്ജുകളിലും താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ എല്ലാ മത്സരങ്ങളും ചടങ്ങുകളും പോലീസ് ഡിപ്പാർട്മെന്റിന്റെ ഔദ്യോഗിക ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ലൈവായി സംപ്രേക്ഷണം ചെയ്യും.

ഏപ്രിൽ 15ന് വൈകിട്ട് 4.30നുള്ള സമാപന ചടങ്ങിൽ വ്യവസായ മന്ത്രി പി. രാജീവ് വിശിഷ്ടാതിഥി ആകും. തുടർന്ന് കലാപരിപാടികളും ഉണ്ടാകും.

പോലീസിന്റെ ഊർജവും ഏകതയും പ്രകടിപ്പിക്കുന്ന ആഘോഷമാകുന്നതാവും ഈ ക്ലസ്റ്റർ കായിക മത്സരം. കേരളത്തിലെയും ഇന്ത്യയിലെയും പോലീസ് കായിക ചരിത്രത്തിൽ ഇത് ഒരടയാളം കുറിക്കും.

**********************